(എ) പൊന്നാനിയിൽ നിന്നും കുന്നംകുളം, ഷൊർണ്ണൂർ എന്നിവിടങ്ങളിലേക്ക് ബസ് സർവ്വീസുകൾ ആരംഭിക്കാൻ കെ.എസ്.ആർ.ടി.സി.ക്ക് ഗവൺമെന്റ് അനുമതി നൽകിയിട്ടും സർവ്വീസ് ആരംഭിച്ചിട്ടില്ലെന്ന് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സർവ്വീസ് എന്നത്തേക്ക് ആരംഭിക്കാൻ കഴിയും എന്ന് വെളിപ്പെടുത്താമോ;

(സി) ഗുരുവായൂരിൽനിന്നും ഷൊർണ്ണൂരിലേക്കും പട്ടാമ്പിയിലേക്കും മൂന്നുവർഷം സർവീസ് നടത്തിയിരുന്ന ഓർഡിനറി സർവ്വീസ് നിർത്തലാക്കിയ നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) യാത്രക്കാരുടെ ബുദ്ധിമുട്ട് പരിഹരിക്കാൻ പള്ളിപ്പുറം-വെള്ളിയാംകല്ലിലേയ്ക്ക് സർവ്വീസ് നടത്തുവാൻ നിർദ്ദേശം നല്കുമോ?

ഉത്തരം

(എ,ബി) ഈ സ്ഥലങ്ങളിലേക്ക് ഗുരുവായൂർ ഡിപ്പോയിൽ നിന്നും ഒരു സർവീസ് ഉണ്ടായിരുന്നത് വരുമാനം കുറവ് കാരണവും റോഡ് മോശമായതുകൊണ്ടും നിർത്തലാക്കിയിരുന്നു. ദേശസാൽകൃതമേഖലയിൽപ്പെടാതെ പ്രസ്തുത സ്ഥലങ്ങളിലേക്ക് ഉടനെ സർവ്വീസ് ആരംഭിക്കുവാൻ നിർവ്വാഹമില്ല.

(സി) ഉണ്ട്.

(ഡി) ദേശസാൽകൃത മേഖലകളിലെ യാത്രാക്ലേശം പരിഹരിക്കുവാൻ കൂടുതൽ സർവ്വീസുകൾ നടത്തുക എന്നതാണ് കോർപ്പറേഷന്റെ നയം. പ്രസ്തുത റൂട്ട് ദേശസാൽകൃത മേഖലയിൽപെടാത്തതുകൊണ്ട് പുതി സർവ്വീസ് തുടങ്ങുവാൻ നിർവ്വാഹമില്ല.

സ്വകാര്യ വ്യക്തികൾക്ക് കെ.എസ്.ആർ.ടി.സി. ബസ്സ് വാടകയ്ക്ക് കൊടുക്കുന്ന നടപടി

103 (453) ശ്രീ. എ.കെ. മണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വ്യക്തികൾക്ക് കെ.എസ്.ആർ.ടി.സി. ബസ്സ് വാടകയ്ക്ക് കൊടുത്ത ഇനത്തിൽ തിരുവനന്തപുരം യൂണിറ്റിനും മറ്റ് യൂണിറ്റുകൾക്കും എന്തു തുക വീതം കിട്ടുവാനുണ്ട്; ഈ തുക ഈടാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരം സിറ്റി ബസ്സ് സ്റ്റേഷനിൽ ബുക്ക് സ്റ്റാൾ നടത്തുന്നതാരാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ വ്യക്തിയിൽനിന്നും എത്ര തുക വാടകയും പലിശയും പിഴപ്പലിശയുമായി കിട്ടാനുണ്ടെന്ന് വെളിപ്പെടുത്തുമോ; ഈ തുക ഈടാക്കാത്തതിനുകാരണം വെളിപ്പെടുത്തുമോ;

(ഡി) ഈ തുക ഈടാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തുക ഈടാക്കാനില്ല

LIBRARY ARCHIVES Kerala Legislative Assembly

(ബി) ശ്രീമതി റേച്ചൽ ശ്രീകുമാർ, ഉണ്ണുക്കുശ്ശേരി, പത്മവിലാസം, ഫോർട്ട്, തിരുവനന്തപുരം.

(സി) 2000-ാമാണ്ട് സെപ്തംബർ മാസം 30-ാം തീയതി വരെ 4,20,539/- (നാലു ലക്ഷത്തി ഇരുപതിനായിരത്തി അഞ്ഞൂറ്റി മുപ്പത്തി ഒമ്പതു രൂപ മാത്രം) പിരിഞ്ഞുകിട്ടുവാനുള്ളത്. കോടതികളിൽ കേസ്സുകൾ നിലവിലുള്ളതിനാലാണ് ഈടാക്കുവാനാകാത്തത്.

(ഡി) നടപടികൾ സ്വീകരിച്ചു വരുന്നു.

കെ.എസ്.ആർ.ടി.സി. കണ്ടക്ടർ

104 (456) <u>ശ്രീമതി രാധാ രാഘവൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. കണ്ടക്ടർ തസ്തികയിൽ ജോലി ചെയ്യുന്നവരിൽ ബിരുദാനന്തര ബിരുദമുള്ള എത്ര പേരുണ്ട്;

(ബി) കെ.എസ്.ആർ.ടി.സി.യിൽ പോസ്റ്റു ഗ്രാഡുവേഷൻ, കെ.ജി.ടി.ഇ.,എം.ഒ.പി., അക്കൗണ്ട് ടെസ്റ്റ് എന്നീ യോഗ്യത നേടിയിട്ടുള്ള എത്ര ടൈപ്പിസ്റ്റുമാരുണ്ട്;

(സി) ബിരുദാനന്തര ബിരുദമുള്ള കണ്ടക്ടർമാർക്കും ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ള ടൈപ്പിസ്റ്റുകൾക്കും പ്രത്യേകം പ്രൊമോഷൻ സാദ്ധ്യത കെ.എസ്.ആർ.ടി.സി.യിൽ നിലവിലുണ്ടോ;

(ഡി) ഇല്ലാത്തപക്ഷം യോഗ്യത പരിഗണിച്ച് പ്രൊമോഷൻ സാദ്ധ്യത വർദ്ധിപ്പിക്കുവാനോ അവർക്ക് ഇൻസന്റീവ് നൽകുവാനോ നടപടി സ്വീകരിക്കുമോ;

(ഇ) കെ.എസ്.ആർ.ടി.സി.യിൽ ടൈപ്പിസ്റ്റുമാരെ സീനിയർ ഗ്രേഡിലേക്ക് പ്രൊമോട്ട് ചെയ്യുന്നതിന് നിലവിലുള്ള റേഷ്യോ എത്രയാണ്;

(എഫ്) ഈ റേഷ്യോ പ്രകാരം സീനിയർ ഗ്രേഡിലേക്ക് പ്രൊമോഷൻ നൽകുമ്പോൾ ടൈപ്പിംഗ് ജോലി ചെയ്യുന്ന ഫെയർകോപ്പി സൂപ്രണ്ടുമാരെയും സീനിയർ ഗ്രേഡിൽപ്പെടുന്നതായി പരിഗണിക്കാറുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ജി) ഫെയർകോപ്പി സൂപ്രണ്ട് പോസ്റ്റ് പ്രത്യേക കാറ്റഗറിയായി കണക്കാക്കാത്തതിന്റെ കാരണം വെളിപ്പെടുത്തുമോ;

(എച്ച്) ടൈപ്പിംഗ് ജോലി ചെയ്യുന്ന ഫെയർകോപ്പി സൂപ്രണ്ടുമാരെ പ്രത്യേക കാറ്റഗറിയായി കണക്കാക്കി ആ സ്ഥാനത്തേക്കുകൂടി ടൈപ്പിസ്റ്റുകൾക്ക് സീനിയർ ഗ്രേഡ് പ്രൊമോഷൻ നൽകാൻ നടപടി എടുക്കുമോ?

<u>ഉത്തരം</u>

(എ) 76 പേരുണ്ട്.

(ബി) പോസ്റ്റു ഗ്രാഡുവേഷൻ ഉള്ള മൂന്നുപേരും, കെ.ജി.ടി.ഇ. പാസ്സായിട്ടുള്ള 12 പേരും എം.ഒ.പി. പാസ്സായിട്ടുള്ള 6 പേരും അക്കൗണ്ട് ടെസ്റ്റു പാസ്സായിട്ടുള്ള 3 പേരും ടൈപ്പിസ്റ്റു തസ്തികകളിൽ ജോലി നോക്കുന്നുണ്ട്.

(സി) ഇല്ല

LIBRARY ARCHIVES Kerala Legislative Assembly